"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

കേന്ദ്രസർക്കാരിന്റെ ഗോബർധൻ പദ്ധതി പ്രകാരമുള്ള ഭൗതീക ലക്ഷ്യം സംസ്ഥാനത്ത് കൈവരിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള മാലിന്യ സംസ്കരണ പദ്ധതികൾ ദേവസ്വം ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ അനുമതിയോടു കൂടി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

G.O.(Rt)No.2049/2021/LSGD തീയതി,തിരുവനന്തപുരം, 21/10/2021

---

പരാമർശം:- 1. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 27.09.2021- ലെ 2790/A/2020/SM നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) II ഗൈഡ് ലൈൻ പ്രകാരം ഓരോ ജില്ലക്കും 50.00 ലക്ഷം രൂപ വീതം 100% കേന്ദ്ര വിഹിതമായി ഗോബർധൻ പ്ലാൻറുകൾ നിർമ്മിക്കുന്നതിന് അനുവദിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതി പ്രകാരമുള്ള പല ആസ്തികളും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും ആസ്തി രജിസ്റ്ററിലും ഉൾപ്പെടാത്തതിനാൽ ഗോബർധൻ പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സന്നദ്ധരാകാത്ത സാഹചര്യം നിലനിൽക്കുന്നതായും ഇത് പദ്ധതി പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതായും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു.

2. ഗോബർധൻ പദ്ധതിയിൽ 100% വിഹിതവും കേന്ദ്രം നൽകുന്നതാണ്. ഒരു ജില്ലക്ക് 50.00 ലക്ഷം രൂപ ഈ പദ്ധതിക്കായി ലഭ്യമാകുന്നതാണ്. 2021-22 സാമ്പത്തിക വർഷത്തെ ആനുവൽ ഇംപ്ലിമെന്റേഷൻ പ്ലാനിൽ 12 ഗോബർധൻ പ്രോജക്ടുകൾക്ക് അനുവാദമുള്ളതും എന്നാൽ മേൽപറഞ്ഞ പ്രയാസങ്ങൾ കാരണം ഭൗതീക ലക്ഷ്യം കൈവരിക്കുവാൻ സാധിക്കാത്ത സാഹചര്യമാണുള്ളതെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ഗോബർധൻ പദ്ധതിയുടെ ഭാഗമായുള്ള മാലിന്യ സംസ്കരണ പദ്ധതികൾ ദേവസ്വം ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ ഗോശാലകളിൽ നടപ്പാക്കുവാൻ സ്വച്ഛ് ഭാരത് മിഷൻ ഗൈഡ് ലൈനിൽ അനുവാദമുണ്ട് എന്നതിനാലും ഗോബർധൻ പ്രോജക്ടിലൂടെ ബയോഗ്യാസ് ലഭ്യമാകുകയും പരിസര മലിനീകരണം ഇല്ലാതാവുകയും ചെയ്യുമെന്നതിനാലും ഗോബർധൻ പദ്ധതിയുടെ ഭാഗമായുള്ള മാലിന്യ സംസ്കരണ പദ്ധതികൾ ദേവസ്വം ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ അനുമതിയോടു കൂടി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കേന്ദ്രസർക്കാരിന്റെ ഗോബർധൻ പദ്ധതി

പ്രകാരമുള്ള ഭൗതീക ലക്ഷ്യം സംസ്ഥാനത്ത് കൈവരിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും ആസ്തി രജിസ്റ്ററിലും ഉൾപ്പെടാത്ത പദ്ധതി എന്നതിൽ ഉപരിയായി ഗോബർധൻ പദ്ധതിയുടെ ഭാഗമായുള്ള മാലിന്യ സംസ്കരണ പദ്ധതികൾ ദേവസ്വം ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ അനുമതിയോടു കൂടി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S Kannan
Special Secretary

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
നഗരകാര്യ ഡയറക്ടർ
പഞ്ചായത്ത് ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എല്ലാ ഗ്രാമപഞ്ചായത് സെക്രട്ടറിമാർക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും ( നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം
Signed by Nisam N
Date: 21-10-2021 16:16:04
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്